# ആരാധനാഗാനങ്ങൾ

## 1. അതിരുകളില്ലാത്ത സ്നേഹം

അതിരുകളില്ലാത്ത സ്നേഹം: ദൈവസ്നേഹം, നിത്യസ്നേഹം
അളവുകളില്ലാത്ത സ്നേഹം: ദൈവസ്നേഹം, നിത്യസ്നേഹം
ഏതൊരവസ്ഥയിലും, യാതൊരു വ്യവസ്ഥകളും
ഇല്ലാതെ സ്നേഹിക്കും താതനു നന്ദി

ദൈവത്തെ ഞാൻ മറന്നാലും, ആ സ്നേഹത്തിൽ നിന്നകന്നാലും,
അനുകമ്പാർദ്രമാം ഹൃദയമെപ്പൊഴും എനിയ്ക്കായ് തുടിച്ചിടുന്നു,
എന്നെ ഓമനയായ് കരുതുന്നു

അമ്മയെന്നെ മറന്നാലും, ഈ ലോകമെന്നെ വെറുത്താലും,
അജഗണങ്ങളെ കാത്തിടുന്നവൻ എനിയ്ക്കായ് തിരഞ്ഞിടുന്നു,
എന്നെ ഓമനയായ് കരുതുന്നു.

## 2. ആകാശത്തിൻ കീഴിൽ വേറൊരു

ആകാശത്തിൻ കീഴിൽ വേറൊരു / നാമമില്ലല്ലോ - യേശുനാമമല്ലാതെ
യേശുനാമമല്ലാതെ / മാനവരക്ഷയ്ക്കുഴിയിൽ വേറൊരു
നാമമില്ലല്ലോ - യേശുനാമമല്ലാതെ / യേശുനാമമല്ലാതെ.

പറുദീസായിൽ ദൈവം തന്നൊരു
രക്ഷാവാഗ്ദാനം - യേശുനാഥനല്ലയോ
പ്രവാചകന്മാർ മുന്നേ ചൊന്നൊരു
രക്ഷാസന്ദേശം - യേശുനാഥനല്ലയോ.

ദൈവം മാനവരക്ഷയ്ക്കായ്
തന്നൊരു നാമമേ - യേശുവെന്നൊരു നാമമേ
മൂലോകങ്ങൾ മുട്ടുമടക്കും
ഉന്നതനാമമേ - യേശുവെന്നൊരു നാമമേ.

## 3. ആരാധിക്കുന്നേൻ, ഞങ്ങൾ ആരാധിക്കുന്നേൻ

ആരാധിക്കുന്നേൻ, ഞങ്ങൾ ആരാധിക്കുന്നേൻ
ആത്മനാഥനേശുവിനെ ആരാധിക്കുന്നേൻ

ആരാധിക്കുന്നേൻ, ഞങ്ങൾ ആരാധിക്കുന്നേൻ
ആത്മാവിലും സത്യത്തിലും ആരാധിക്കുന്നേൻ.

ഹല്ലേലൂയാ ഹല്ലേലൂയാ ഗീതം പാടീടാം
ഹല്ലേലൂയാ ഗീതം പാടി ആരാധിച്ചീടാം

ഇന്നു ഞങ്ങൾ വിശ്വാസത്താൽ ആരാധിക്കുന്നേ
അന്നു ഞങ്ങൾ മുഖം കണ്ട് ആരാധിച്ചീടും

സെറാഫുകൾ ആരാധിക്കും പരിശുദ്ധനെ
സന്തോഷത്താൽ സ്വന്തമക്കൾ ആരാധിച്ചീടും

ബന്ധനമഴിയും കെട്ടുകളഴിയും ആരാധനയിങ്കൽ
കോട്ടകൾ തകരും ബാധകൾ ഒഴിയും ആരാധനയിങ്കൽ

രോഗം മാറും ക്ഷീണം മാറും ആരാധനയിങ്കൽ
മൺകുടമുടയും തീ കത്തീടും ആരാധനയിങ്കൽ

അപ്പസ്തോലർ രാത്രികാലേ ആരാധിച്ചപ്പോൾ
ചങ്ങലപൊട്ടി ബന്ധിതരെല്ലാം മോചിതരായല്ലോ.

### 4. ആരാധിച്ചീടാം കുമ്പിട്ടാരാധിച്ചീടാം

ആരാധിച്ചീടാം കുമ്പിട്ടാരാധിച്ചീടാം
ആരാധിക്കുമ്പോൾ അപദാനം പാടീടാം
ആ പൂജിതമാം രക്ഷാനാമം വാഴ്ത്തിപ്പാടാം
ആ പദമലരിൽ താണു വീണു വന്ദിച്ചീടാം
ആത്മനാഥാ ഞാൻ നിന്നിൽ ചേരേണം
എൻ മനസ്സിൽ നീ നീണാൾ വാഴേണം.

യേശുനാഥാ ഒരു ശിശുവായ് എന്നെ നിന്റെ / മുൻപിൽ നൽകീടുന്നേ
എൻ പാപമെല്ലാം മായിച്ചു നീ / ദുഃഖഭാരമെല്ലാം മോചിച്ചു നീ
ആത്മാവിൽ നീ വന്നേരമെൻ / കണ്ണീരുവീണ്ടും ആനന്ദമായ്.

സ്നേഹനാഥാ ഒരു ബലിയായ് ഇനി / നിന്നിൽ ഞാനും ജീവിക്കുന്നു
എന്റേതായതെല്ലാം സമർപ്പിക്കുന്നു / പ്രിയനായി എന്നെ സ്വീകരിക്കൂ
അവകാശിയും അതിനാഥനും / നീ മാത്രം ഈശോ മിശിഹായേ.

### 5. ഉണർവിൻ വരം ലഭിപ്പാൻ

ഉണർവിൻ വരം ലഭിപ്പാൻ / ഞങ്ങൾ വരുന്നു തിരുസവിധേ
നാഥാ, നിന്റെ വൻകൃപകൾ /ഞങ്ങൾക്കരുളൂ അനുഗ്രഹിക്കൂ.

ദേശമെല്ലാം ഉണർന്നീടുവാൻ / യേശുവിനെ ഉയർത്തീടുവാൻ
ആശിഷമാരി അയയ്ക്കേണമേ / ഈ ശിഷ്യരാം നിൻ ദാസരിന്മേൽ.

തിരുവചനം ഘോഷിക്കുവാൻ / തിരുനന്മകൾ സാക്ഷിക്കുവാൻ
ശാശ്വത ശാന്തി അയയ്ക്കേണമേ / ഈ ശിഷ്യരാം നിൻ ദാസരിന്മേൽ.

തിരുനാമം പാടിടുവാൻ / തിരുവചനം ധ്യാനിക്കുവാൻ
ഉണർവ്വിൻ ശക്തി അയയ്ക്കേണമേ / ഈ ശിഷ്യരാം നിൻ ദാസരിന്മേൽ.

രോഷമെല്ലാം വെടിഞ്ഞീടുവാൻ / സ്നേഹത്തിൽ ജീവിക്കുവാൻ
യേശുവിൻ ശക്തി അയയ്ക്കേണമേ / ഈ ശിഷ്യരാം നിൻ ദാസരിന്മേൽ.

**6. എല്ലാ സ്നേഹത്തിനും ഏറ്റം**

എല്ലാ സ്നേഹത്തിനും ഏറ്റം യോഗ്യനാമെൻ
നല്ല ദൈവമേ നന്മ സ്വരൂപാ
എല്ലാ സൃഷ്ടികളെക്കാളുമുപരിയായി
നിന്നെ സ്നേഹിച്ചിടുന്നിതാ ഞാൻ.

എന്റെ സ്രഷ്ടാവാം രക്ഷാനാഥനെ ഞാൻ / മുഴുവാത്മാവും ഹൃദയവുമായ്
മുഴുമനമോടെയും സർവ്വശക്തിയൊടും / സദാ സ്നേഹിച്ചിടും മഹിയിൽ.

വല്ല പാപത്താലേ നിന്നെ ദ്രോഹിച്ചിടാൻ / വല്ലഭാ അനുവദിക്കരുതേ
നിന്നൊടെളിയൊരേറ്റം ചെയ്യുന്നതിനുമുമ്പേ / നഷ്ടമാക്കിടാം ഞാൻ.

**7. എഴുന്നള്ളുന്നു രാജാവെഴുന്നള്ളുന്നു**

എഴുന്നള്ളുന്നു രാജാവെഴുന്നള്ളുന്നു
നാകലോക നാഥനീശോ എഴുന്നള്ളുന്നു
മാനവർക്കു വരം നൽകി എഴുന്നള്ളുന്നു. (2)

ബേത്‌ലഹേമിൽ വന്നുദിച്ചൊരു കനകതാരം
യൂദയായിൽ കതിരുവീശിയ പരമദീപം (2)
ഉന്നതത്തിൽ നിന്നിറങ്ങിയ ദിവ്യഭോജ്യം
മന്നിടത്തിനു ജീവനേകിയ സ്വർഗ്ഗഭോജ്യം.

കാനായിൽ വെള്ളം വീഞ്ഞാക്കിയവൻ
കടലിന്റെ മീതേ നടന്നുപോയവൻ (2)
മൃതിയടഞ്ഞ മാനവർക്കു ജീവനേകി
മനമിടിഞ്ഞ രോഗികൾക്കു സൗഖ്യമേകി.

മഹിതലേ പുതിയ മലരുകൾ അണിഞ്ഞീടുവിൻ
മനുജരേ മഹിത ഗീതികൾ പൊഴിഞ്ഞീടുവിൻ (2)
വൈരവും പകയുമെല്ലാം മറന്നീടുവിൻ
സാദരം കൈകൾ കോർത്തു നിരന്നീടുവിൻ.

### 8. ഒന്നു വിളിച്ചാൽ ഓടിയെന്റെ

ഒന്നു വിളിച്ചാൽ ഓടിയെന്റെ അരികിലെത്തും
ഒന്നു സ്തുതിച്ചാൽ അവനെന്റെ മനം തുറക്കും
ഒന്നു കരഞ്ഞാൽ ഓമനിച്ചെൻ മിഴി തുടയ്ക്കും
എത്ര നല്ല സ്നേഹമെന്റെ ഈശോ
ഓ എത്ര നല്ല സ്നേഹമെന്റെ ഈശോ.

ഒന്നു തളർന്നാൽ അവനെന്റെ കരം പിടിക്കും
പിന്നെ കരുണാമയനായ് താങ്ങി നടത്തും
ശാന്തിപകരും എന്റെ മുറിവുണക്കും
എത്ര നല്ല സ്നേഹമെന്റെ ഈശോ
ഓ എത്ര നല്ല സ്നേഹമെന്റെ ഈശോ.

തന്നെ അനുഗമിക്കാനവൻ എന്നെ വിളിക്കും
തിരുവചനം പകർന്നെന്റെ വഴി തെളിക്കും
ശക്തി പകരും എന്നെ അനുഗ്രഹിക്കും
എത്ര നല്ല സ്നേഹമെന്റെ ഈശോ
ഓ എത്ര നല്ല സ്നേഹമെന്റെ ഈശോ.

### 9. കർത്താവിലെന്നും എന്റെ ആശ്രയം

കർത്താവിലെന്നും എന്റെ ആശ്രയം
കർതൃസേവ ഒന്നേ എന്റെ ആഗ്രഹം
കഷ്ടമോ നഷ്ടമോ എന്ത് വന്നിടിലും
കർത്താവിൻ പാദം ചേർന്നു ചെല്ലും ഞാൻ

ആർത്തു പാടി ഞാൻ ആനന്ദത്തോടെ
കീർത്തനം ചെയ്തെന്നും വാഴ്ത്തുമേശുവേ
ഇത്ര നൽ രക്ഷകൻ വേറെയില്ലൂഴിയിൽ / ഹല്ലേലുയ്യ പാടും ഞാൻ (2)

വിശ്വാസത്താൽ ഞാൻ യാത്ര ചെയ്യുമെൻ
വീട്ടിലെത്തുവോളം ക്രൂശിൻ പാതയിൽ
വൻ തിര പോലോരോ ക്ലേശങ്ങൾ വന്നാലും
വല്ലഭൻ ചൊല്ലിൽ എല്ലാം മാറിടും (2) (ആർത്തു പാടി..)

എൻ സ്വന്ത ബന്ധു മിത്രരേവരും / എന്നെ കൈവിട്ടാലും ഖേദമെന്തിനാ
കൈവിടില്ലെന്നവൻ വാഗ്ദത്തമുണ്ടതിൽ
ആശ്രയിച്ചെന്നും ആശ്വസിക്കും ഞാൻ (2) (ആർത്തു പാടി..)

തൻ സ്വന്ത ജീവൻ തന്ന രക്ഷകൻ / തള്ളുകില്ല ഏത് ദു:ഖ നാളിലും
തൻ തിരു കൈകളാൽ താങ്ങി നടത്തിടും
തൻ സ്നേഹം ചൊല്ലാൻ പോര വാക്കുകൾ (2) (ആർത്തു പാടി..)

**10. ഞാൻ നിന്നെ സൃഷ്ടിച്ച ദൈവം**

ഞാൻ നിന്നെ സൃഷ്ടിച്ച ദൈവം / ഞാൻ നിന്നെ രക്ഷിച്ച ദൈവം
ഞാൻ നിന്റെ പാതയിൽ എന്നും വെളിച്ചമായ്
നിന്നെ നയിക്കുന്ന ദൈവം.

ഭയപ്പെടേണ്ട മകനേ മകളേ / ഞാൻ നിന്റെ ദൈവമല്ലേ
കരയരുതേ ഇനി എൻ കണ്മണിയേ / ഞാൻ നിന്റെ കൂടെയില്ലേ.

ഞാൻ നിന്നെ സ്നേഹിക്കും ദൈവം / ഞാൻ നിന്നെ പാലിക്കും ദൈവം
ഞാൻ നിന്റെ മുറിവുകൾ സൗഖ്യപ്പെടുത്തും / സുരജീവദായകൻ ദൈവം.

ഞാൻ നിന്നെ ശാസിക്കും ദൈവം / ഞാൻ നിന്നെ ലാളിക്കും ദൈവം
ഞാൻ നിന്റെ കണ്ണീർ തുടച്ചെന്നും നിന്നെ / ആശ്വസിപ്പിച്ചീടും ദൈവം.

**11. തന്നാലും നാഥാ ആത്മാവിനെ**

തന്നാലും നാഥാ ആത്മാവിനെ / ആശ്വാസദായകനെ
തന്നാലും നാഥാ നിൻ ജീവനെ / നിത്യസഹായകനെ.

അകതാരിലുണർവിന്റെ പനിനീരു തൂകി / അവിരാമമൊഴുകിവരൂ
വരദാനവാരിധേ ഫലമേകുവാനായ്/ അനുസ്യൂതമൊഴുകിവരൂ.

പാപവും പുണ്യവും വേർതിരിച്ചേകുന്ന / ജ്ഞാനമായ് ഒഴുകിവരൂ
ആത്മീയ സന്തോഷം ദാസരിൽ നൽകുന്ന / സ്നേഹമായ് ഒഴുകിവരൂ.

**12. തിരുനാമകീർത്തനം പാടുവാനല്ലെങ്കിൽ**

തിരുനാമകീർത്തനം പാടുവാനല്ലെങ്കിൽ / നാവെനിക്കെന്തിനു നാഥാ,
അപദാനമെപ്പോഴും ആലപിച്ചില്ലെങ്കിൽ / അധരങ്ങളെന്തിനു നാഥാ,
ഈ ജീവിതമെന്തിനു നാഥാ.

പുലരിയിൽ ഭൂപാളം പാടിയുണർത്തുന്ന
കിളികളോടൊന്നുചേർന്നാർത്തു പാടാം
പുഴയുടെ സംഗീതം ചിറകേറ്റിയെത്തുന്ന
കുളിർകാറ്റിലലിഞ്ഞു ഞാൻ പാടാം

അകലെയാകാശത്തു വിരിയുന്ന താരക
മിഴികളിൽ നോക്കി ഞാനുയർന്നുപാടാം

വാനമേഘങ്ങളിൽ ഒടുവിൽ നീ എത്തുമ്പോൾ
മാലാഖമാരൊത്തു പാടാം.

### 13. ദുഃഖത്തിന്റെ പാനപാത്രം

ദു:ഖത്തിന്റെ പാനപാത്രം / കർത്താവെന്റെ കയ്യിൽ തന്നാൽ
സന്തോഷത്തോടതു വാങ്ങി / ഹാലേലൂയ പാടിടും ഞാൻ.

ദോഷമായിട്ടൊന്നും എന്നോ- / ടെന്റെ താതൻ ചെയ്കയില്ല
എന്നെ അവൻ അടിച്ചാലും / അവൻ എന്നെ സ്നേഹിക്കുന്നു.

കഷ്ടനഷ്ടമേറി വന്നാൽ / ഭാഗ്യവാനായി തീരുന്നു ഞാൻ
കഷ്ടമേറ്റ കർത്താവോട് / കൂട്ടാളിയായ് തീരുന്നു ഞാൻ.

ലോകത്തെ ഞാൻ ഓർക്കുന്നില്ല / കഷ്ടനഷ്ടം ഓർക്കുന്നില്ല
എപ്പോളെന്റെ കർത്താവിനെ / ഒന്നു കാണാം എന്നെ ഉള്ളൂ.

### 14. ദൈവകൃപയിൽ ഞാനാശ്രയിച്ച്

ദൈവകൃപയിൽ ഞാനാശ്രയിച്ച് / അവൻ വഴികളെ ഞാനറിഞ്ഞ്
അനുഗമിച്ചിടും അവനുടെ ചുവടുകളെ

ഇഹലോകമോ തരികില്ലൊരു / സുഖവും മന:ശാന്തിയതും
എന്റെ യേശുവിന്റെ തിരുസന്നിധിയിൽ
എന്നു ആനന്ദം ഉണ്ടെനിക്ക് (ദൈവകൃപയിൽ..)

മനോവേദന പല ശോധന / മമ ജീവിത പാതയിതിൽ
മാറാതേറിടുമ്പോൾ ആത്മനാഥനവൻ
മാറിൽ ചാരി ഞാനശ്വസിക്കും (ദൈവകൃപയിൽ..)

എത്ര നല്ലവൻ മതിയായവൻ / എന്നെ കരുതുന്ന കർത്തനവൻ
എന്റെ ആവശ്യങ്ങളെല്ലാം അറിഞ്ഞിടുന്ന
ഏറ്റമടുത്ത സഹായകൻ താൻ (ദൈവകൃപയിൽ..)

എന്റെ ആയുസ്സിൻ ദിനമൊക്കെയും / തന്റെ നാമമഹത്വത്തിനായ്
ഒരു കൈത്തിരി പോൽ കത്തിയെരിഞ്ഞൊരിക്കൽ
തിരുമാറിൽ മറഞ്ഞിടും ഞാൻ (ദൈവകൃപയിൽ..)

### 15. ദൈവസ്നേഹം വർണ്ണിച്ചീടാൻ വാക്കുകൾ

ദൈവസ്നേഹം വർണ്ണിച്ചീടാൻ വാക്കുകൾ പോരാ
നന്ദി ചൊല്ലി തീർക്കുവാനീ ജീവിതം പോരാ
കഷ്ടപ്പാടിൻ കാലങ്ങളിൽ രക്ഷിക്കുന്ന സ്നേഹമോർത്താൽ
എത്ര സ്തുതിച്ചാലും മതിവരുമോ!

സ്വന്തമായ് ഒന്നുമില്ല, സർവ്വവും നിൻ ദാനം
സ്വസ്ഥമായ് ഉറങ്ങീടാൻ സമ്പത്തിൽ മയങ്ങാതെ!
മന്നിൽ സൗഭാഗ്യം നേടാനായലും,
ആത്മം നഷ്ടമായാൽ ഫലമെവിടെ!

സ്വപ്നങ്ങൾ പൊലിഞ്ഞാലും, ദുഃഖത്താൽ വലഞ്ഞാലും
മിത്രങ്ങൾ അകന്നാലും, ശത്രുക്കൾ നിറഞ്ഞാലും
രക്ഷാകവചം നീ, മാറാതെന്നാളും
അങ്ങെൻ മുൻപേ പോയാൽ ഭയമെവിടെ!

**16. നന്ദി ദൈവമേ, നന്ദി ദൈവമേ**

നന്ദി ദൈവമേ, നന്ദി ദൈവമേ / നിത്യവും നിത്യവും നന്ദി ദൈവമേ
അങ്ങു തന്ന ദാനത്തിന് നന്ദിയേകിടാം
അങ്ങു തന്ന സ്നേഹത്തിന് നന്ദിയേകിടാം

നന്മരൂപനേ, നല്ല ദൈവമേ / അങ്ങു തന്ന മോദത്തിന് നന്ദിയേകിടാം
അങ്ങു തന്ന ദുഃഖത്തിന് നന്ദിയേകിടാം / നന്മരൂപനേ, നല്ല ദൈവമേ

ലാഭനഷ്ടമെന്തിനും നന്ദിയേകിടാം
നേട്ടം കോട്ടം എന്തിനും നന്ദിയേകിടാം / നന്മരൂപനേ, നല്ല ദൈവമേ

ബുദ്ധി, ജ്ഞാനം, ശക്തിക്കായ് നന്ദിയേകിടാം
സിദ്ധി, മുക്തി, തൃപ്തിക്കായ് നന്ദിയേകിടാം
സ്നേഹരൂപനേ, സർവ്വശക്തനേ

കാഴ്ച തന്ന നാഥന് നന്ദിയേകിടാം / കേഴ്വി തന്ന നാഥന് നന്ദിയേകിടാം
കരങ്ങൾ കൂപ്പിടാം നന്ദിയേകിടാം

**17. നിർമ്മലമായൊരു ഹൃദയമെന്നിൽ**

നിർമ്മലമായൊരു ഹൃദയമെന്നിൽ / നിർമ്മിച്ചരുളുക നാഥാ
നേരായൊരുനൽ മാനസവും / തീർത്തരുൾകെന്നിൽ ദേവാ

തവതിരുസന്നിധി തന്നിൽ നിന്നും / തള്ളിക്കളയരുതെന്നെ നീ
പരിപാവനനേ എന്നിൽ നിന്നും / തിരികെയെടുക്കരുതെൻ പരനെ

രക്ഷദമാം പരമാനന്ദം നീ / വീണ്ടും നൽകണമെൻ നാഥാ
കന്മഷമിയലാതൊരു മനമെന്നിൽ / ചിന്മയരൂപാ തന്നിടുക

**18. പരിശുദ്ധാത്മാവേ, ശക്തി പകർന്നിടണേ**

പരിശുദ്ധാത്മാവേ, ശക്തി പകർന്നിടണേ
അവിടുത്തെ ബലം ഞങ്ങൾക്കാവശ്യമെന്ന്
കർത്താവേ, നീ അറിയുന്നു.

ആദ്യനൂറ്റാണ്ടിലെ അനുഭവം പോൽ
അതിശയം ലോകത്തിൽ നടന്നിടുവാൻ
ആദിയിലെന്നപോൽ ആത്മാവേ / അധികബലം തരണേ.

ലോകത്തിൻ മോഹം വിട്ടോടിടുവാൻ - ഞങ്ങൾ
സാത്താന്റെ ശക്തിയെ ജയിച്ചിടുവാൻ
ധീരതയോടെ നിൻ സേവ ചെയ്യാൻ / അഭിഷേകം ചെയ്തിടണേ

കൃപകളും വരങ്ങളും ലഭിച്ചിടുവാൻ - ഞങ്ങൾ
വചനത്തിൽ വേരൂന്നി വളർന്നിടുവാൻ
വിൺമഴയെ വീണ്ടും അയയ്ക്കണമേ / നിൻ ജനമുണർന്നിടുവാൻ

**19. പാപബോധവും പശ്ചാതാപവും**

പാപബോധവും പശ്ചാതാപവും / കർത്താവേ എനിക്കേകണേ
കണ്ണീരോടും വിലാപത്തോടുമെൻ / പാപം ഞാനേറ്റു ചൊല്ലീടാം

നീതിമാന്യനായ് അന്യരെ താഴ്ത്തി / ദുർവിധികൾ ഞാൻ ചെയ്യില്ല
പാപകാരണം അന്യരാണെന്ന / ന്യായവാദവും ചെയ്യില്ല

ആത്മവഞ്ചന ചെയ്തു ഞാനെന്റെ / പാപത്തെ പൂഴ്ത്തി വയ്ക്കില്ല
പാപമേതുമേ എന്നിലില്ലെന്ന് / ചൊല്ലും വിഡ്ഢി ഞാനാകില്ല

**20. പാപികളെത്തേടി വന്ന**

പാപികളെത്തേടി വന്ന പാലകനേശുവേ
പാദതാരിൽ വന്നു നില്ക്കും പാപിയെകാക്കണേ.

ലോകദ്രവ്യ ആശകളാൽ / നിന്നെ വെടിഞ്ഞു ഞാൻ (2)
സന്തോഷവും സൗഭാഗ്യവും / തേടിയലഞ്ഞു ഞാൻ (2)

അന്ധകാര ശക്തികളാൽ / ബന്ധിതനായ് ഞാൻ (2)
പാപത്തിന്റെ നീർക്കയത്തിൽ / വീണു വലഞ്ഞു ഞാൻ (2)

**21. പാവനാത്മാവേ നീ വരേണമേ**

പാവനാത്മാവേ നീ വരേണമേ മാനസ മണിക്കോവിലിൽ
നായകാ ഞങ്ങൾ നാവിനാലങ്ങേ സ്നേഹ സംഗീതം പാടുന്നു (2)

നിൻ പ്രകാശത്തിൻ രശ്മിയാലെന്റെ അന്ധകാരമറ്റേണേ (2)
നിന്റെ ചൈതന്യശോഭയാലുള്ളം സുന്ദരമാക്കിത്തീർക്കണേ
സുന്ദരമാക്കിത്തീർക്കണേ (2) (പാവനാത്മാവേ..)

മോടിയില്ലാത്തതൊക്കെ സ്വർഗ്ഗീയ മോടിയുള്ളതായ് മാറ്റേണേ (2)
പീഡകളേതും ധീരമായേൽക്കാൻ ശക്തിയും ഞങ്ങൾക്കേകണേ
ശക്തിയും ഞങ്ങൾക്കേകണേ (2) (പാവനാത്മാവേ..)

### 22. മനസ്സാകുമോ നാഥാ സുഖമാക്കുവാൻ

മനസ്സാകുമോ നാഥാ സുഖമാക്കുവാൻ
ഒരു വാക്കു കല്പിച്ചാൽ മതിയാകുമല്ലോ
നീ എന്റെ ഭവനത്തിൽ വരുവാനെനിക്കില്ല / യോഗ്യത തെല്ലും നാഥാ-
ഒരു വാക്കു കല്പിച്ചാൽ മതിയാകുമല്ലോ
ആപാദചൂഡം ഞാൻ സുഖമാകുവാൻ

അനാഥരല്ല ബലഹീനരല്ല / നീ കൂടെയുള്ളപ്പോൾ ഞങ്ങൾ
വിശ്വാസത്തിൽ ഫലമുളവാകാൻ / കൃപചൊരിയേണമേ നാഥാ

സദാ വിളിപ്പൂ കൈനീട്ടി നിൽപ്പൂ / നീ വരമേകണേ നാഥാ
ആശ്വാസത്തിൽ കുളിരറിയാനായ് / കൃപ ചൊരിയേണമേ നാഥാ

### 23. യേശു എന്റെ കൂടെയുണ്ട്

യേശു എന്റെ കൂടെയുണ്ട് / യേശു എന്റെ മുൻപിലുണ്ട് (2)
യേശു എന്റെ പിൻപിലുണ്ട് / യേശു എന്റെ ചുറ്റുമുണ്ട്
യേശു എന്റെ കൂടെയുണ്ട് (2)

രാവിലും പകലിലും / നടപ്പിലും കിടപ്പിലും (2)
നിൽപ്പിലും ഇരുപ്പിലും / യേശു എന്റെ കൂടെയുണ്ട് (2)

യേശു എന്റെ സങ്കേതവും / യേശു എന്റെ ആശ്രയവും (2)
യേശു എന്റെ രക്ഷകനും / യേശു എന്റെ രക്ഷയും
യേശു എൻ രക്ഷിതാവുമേ (2) (രാവിലും..)

യേശു എന്റെ രോഗത്തിലും / യേശു എന്റെ രോദനത്തിലും (2)
യേശു എന്നെ സൌഖ്യമാക്കി / യേശു എന്നെ വഴി നടത്തും
യേശു എൻ ജീവൻ ബലം (2) (രാവിലും..)

യേശുവിൻ സാക്ഷിയായി / യേശുവിൻ ശബ്ദമായി (2)
യേശുവിനായ് പോയിടും / യേശുവിനെ ഘോഷിക്കും
യേശുവിനായ് ജീവിച്ചിടും (2) (രാവിലും..)

**24. യേശു നല്ലവൻ അവൻ വല്ലഭൻ**

യേശു നല്ലവൻ അവൻ വല്ലഭൻ / അവൻ ദയയോ എന്നുമുള്ളത്
പെരുവെള്ളത്തിൻ ഇരച്ചിൽ പോലെ / സ്തുതിച്ചിടുക നാം അവന്റെ നാമം
ഹല്ലേലൂയ ഹല്ലേലൂയ / മഹത്വവും ജ്ഞാനവും സ്തോത്രവും ബഹുമാനം
ശക്തിയും ബലവുമെൻ യേശുവിന്

ഞാൻ യഹോവയ്ക്കായ് കാത്തു കാത്തല്ലോ
അവൻ എങ്കലേയ്ക്ക് ചാഞ്ഞു കേട്ടല്ലോ
നാശകരമാം കുഴിയിൽ നിന്നും / കുഴഞ്ഞ ചേറ്റിൽ നിന്നും കയറ്റി.

എൻ കാൽകളെ പാറമേൽ നിർത്തി / എൻ ഗമനത്തെ സുസ്ഥിരമാക്കി
പുതിയൊരുപാട്ടെനിക്കു തന്നു / എൻ കർത്താവിന് സ്തുതികൾ തന്നെ

എന്റെ കർത്താവേ, എന്റെ യഹോവേ
നീ ഒഴികെ എനിയ്ക്കൊരു നന്മയുമില്ല
ഭൂമിയിലുള്ള വിശുദ്ധന്മാരോ / അവരെനിയ്ക്ക് ശ്രേഷ്ഠന്മാർ തന്നെ

**25. സ്തുതി സ്തുതി എൻ മനമേ**

സ്തുതി സ്തുതി എൻ മനമേ / സ്തുതികളിലുന്നതനേ-നാഥൻ
നാൾതോറും ചെയ്യും നന്മകളോർത്തു / പാടുക നീ എന്നും മനമേ-

അമ്മയെപ്പോലെ താതൻ / താലോലിച്ചണച്ചീടുന്നു
സമാധാനമായ് കിടന്നുറങ്ങാൻ / തന്റെ മാർവ്വിൽ ദിനം ദിനമായ്

കഷ്ടങ്ങളേറീടിലും / എനിക്കേറ്റമടുത്ത തുണയായ്
ഘോരവൈരിയിൻ നടുവിലവൻ / മേശ നമുക്കൊരുക്കുമല്ലോ

ഭാരത്താൽ വലഞ്ഞീടിലും / തീരാരോഗത്താൽ അലഞ്ഞീടിലും
പിളർന്നീടുമൊരടിപ്പിണരാൽ / തന്നിടുന്നു രോഗസൗഖ്യം.

**26. സ്നേഹസ്വരൂപാ തവദർശനം**

സ്നേഹസ്വരൂപാ തവദർശനം / ഈ ദാസരിൽ ഏകിടൂ
പരിമളമിയലാ ജീവിത മലരിൽ
അനുഗ്രഹവർഷം ചൊരിയേണമെ- / ചൊരിയേണമെ

മലിനമായ ഈ മൺകുടമങ്ങേ / തിരുപാദ സന്നിധിയിൽ
അർച്ചന ചെയ്തിടും ദാസരിൽ നാഥാ കൃപയേകിടൂ
ഹൃത്തിൻ മാലിന്യം നീക്കിടു നീ

മരുഭൂമിയാം ഈ മാനസം തന്നിൽ / നിൻ ഗേഹം തീർത്തിടുക
നിറഞ്ഞിടുകെന്നിൽ എൻ പ്രിയ നാഥാ / പോകരുതേ പോകരുതേ
നിന്നിൽ ഞാനെന്നും ലയിച്ചിടട്ടെ.